# വേളം ഹയർ സെക്കണ്ടറി സ്കൂൾ

## ചേരാപുരം

# തനിയാവർത്തനം

# SCHOOL MAGAZINE



ശാന്തമായ അന്തരീക്ഷത്തിൽ തികഞ്ഞ
അച്ചടക്കത്തോടെ പാഠ്യവിഷയങ്ങൾ
ഹൃദിസ്ഥമാക്കാൻ വിദ്യാർത്ഥികൾക്ക് എന്നും
ആശ്രയിക്കാൻ കഴിയുന്ന ഏകസ്ഥാപനം.........

# വേളം ഹയർ സെക്കണ്ടറി സ്കൂൾ, ചേരാപുരം

**ശാന്തമായ പഠനാന്തരീക്ഷം..................**

**മികച്ച പരിശീലനം ................................**

**ഉയർന്ന വിജയ ശതമാനം ...................**

**തികഞ്ഞ അച്ചടക്കം...............................**

**പാഠ്യേതര പ്രവർത്തനങ്ങളിൽ മികച്ച**

**പരിശീലനം...........................................**

**കാര്യക്ഷമതയോടെ IT പരിശീലനം......**



പ്രിയരെ,

ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ ഏറെ ശ്രദ്ധയാർജിച്ചിട്ടുള്ള ക്ലബ്ബാണ് വേളം ഹയർ സെക്കൻററിസ്കൂൾ, ലിറ്റിൽ കൈറ്റ് യൂണിറ്റ്. മിടുക്കരായ വിദ്യാർത്ഥികളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഇതിനകം തന്നെ അധ്യാപകരുടെയും, പൊതുസമൂഹത്തിൻെറയും ഏറെ പ്രശംസ നേടിയിട്ടുണ്ട്. സാങ്കേതികവിദ്യയും സർഗ്ഗാത്മകതയും സമന്വയിപ്പിച്ച കൊണ്ട് ഒരു ഡിജിറ്റൽ മാഗസിൻ രൂപകല്പന ചെയ്യാനുള്ള ശ്രമത്തിലാണ് വേളം ഹയർ സെക്കൻററിസ്കൂൾ ലിറ്റിൻ കൈറ്റ് യൂണിറ്റ് എന്ന് അറിയുന്നതിൽ ഏറെ സന്തോഷമുണ്ട്. ലിറ്റിൽകൈറ്റിൻെറ നവഉദ്യമത്തിന് എല്ലാ വിധ ഭാവുകങ്ങളും ആശംസിക്കുന്നു.

ഹെഡ്മാസ്റ്റർ എം ഇ രമേഷ്



**SURESH P**
KITE MASTER



**SALMA KC**
KITE MISTRESS

# 2023-2024

# VELOM HSS LITTLE KITES



2019 മുതൽ വേളം ഹയർ
സെക്കൻഡറി സ്കൂളിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്
യൂണിറ്റ് ഇന്ന് ഏറ്റവും കൂടുതൽ കുട്ടികൾ പ്രവർത്തിക്കുന്ന ഐടി
കൂട്ടായ്മയാണ് .ആരംഭത്തിൽ ഒമ്പതാം ക്ലാസിൽ മാത്രമുള്ള യൂണിറ്റ്
ഇന്ന് 8 9 10 ക്ലാസുകളിൽ വ്യത്യസ്ത യൂണിറ്റുകളായി പ്രവർത്തിക്കുന്നു .വിവര
സാങ്കേതിക വിദ്യയിൽ  അനുദിനം ഉണ്ടാകുന്ന വിജ്ഞാന വിസ്ഫോടനം നമ്മുടെ
വിദ്യാർഥികൾക്ക് സ്വായത്തമാക്കാനുള്ള ഒരു വേദി കൂടിയാണ് ലിറ്റിൽകൈറ്റ് .
കേവലം എസ്എസ്എൽസി പരീക്ഷയ്ക്ക് ഗ്രേസ്മാർക്ക് നേടുക എന്നതിലുപരി
വിദ്യാർഥികൾക്ക് സാമൂഹ്യ മാധ്യമങ്ങളിൽ  ഉണ്ടാകുന്ന മാറ്റത്തിനനുസരിച്ച്
സാങ്കേതിക വിദ്യ അഭ്യാസിക്കാൻ  കഴിയുന്നു എന്നത് വലിയൊരു നേട്ടം
തന്നെയാണ്. നാളിതുവരെ ലിറ്റിൽകൈറ്റ് യൂണിറ്റിന് രക്ഷിതാക്കളും
സഹപ്രവർത്തകരും നൽകിവരുന്ന സഹകരണത്തിന് ഹൃദയപൂർവം
നന്ദി രേഖപ്പെടുത്തുന്നു...

കൈറ്റ് MaMi



# ആത്മസഖി

പ്രിയ മിത്രമേ......
നിനക്കുവേണ്ടി
മാത്രമായ് ഞാൻ
കുറിച്ചിടുന്നു ചില വാക്കുകൾ
പിന്നിട്ട നാളുകൾ ഓർത്തെടുക്കവേ
സൗഹൃദംകൈവിട്ടൊരാ ദുർദ്ദിനങ്ങളിൽ
ചരടു പൊട്ടിയ പട്ടം കണക്കു ഞാൻ തെന്നിനീങ്ങി
നടന്നു പോം നേരത്ത് എന്നെ ഞാനാക്കി നീ തന്ന സൗഹൃദം
മത്സഖീ....
മലയാള ഭാഷയാം പൊൻ മണി വാക്കിനാൽ കോർത്തെടുത്തു
നാം ഈനല്ല സൗഹൃദം മാഞ്ഞുപോകുമെന്നോർക്കവേ
നെഞ്ചിലായ് ആർത്തലയ്ക്കുന്നു നോവിന്റെ വൻതിര
എന്റെ മാനസ പൊയ്കയിൽ വീണൊരു ചന്തമൂറുന്ന നക്ഷത്രമാണു നീ....

ഷാഹിന എം വി

VELOM HSS
CHERAPURAM







# GUIDES



# പ്രകൃതിയും മനുഷ്യനും

ദശലക്ഷക്കണക്കിന് വർഷങ്ങളുടെ പരിവർത്തന ഫലമായാണ് നാമിന്ന് കാണുന്ന പ്രകൃതി. ഈ പരിവർത്തന പ്രത്യേകതകൾക്കിടയിൽ ജീവജാലങ്ങളും മനുഷ്യനും പ്രകൃതിയുടെ ഭാഗമായി, എന്നാൽ ഈ ജീവജാലങ്ങളിൽ സവിശേഷ ബുദ്ധിയുള്ള മനുഷ്യൻ പ്രകൃതിയിൽ വിവിധങ്ങളായ സ്വയപരിവർത്തനങ്ങൾ രൂപപ്പെടുത്താൻ തുടങ്ങി ഈ പരിവർത്തനങ്ങളിലേക്ക് എത്തുന്നതിനുമുമ്പ് മനുഷ്യനും പ്രകൃതിയുടെ മടിത്തട്ടിൽ മറ്റ് ജീവജാലങ്ങളെ പോലെ തന്നെയായിരുന്നു ജീവിച്ചു പോന്നിരുന്നത്. മനുഷ്യനു വേണ്ടതെല്ലാം പ്രകൃതിയിൽ നിന്ന് ലഭിച്ചു. പ്രകൃതി വിഭവങ്ങളെ വിരുദ്ധമായി ഉപയോഗിച്ചുകൊണ്ട് ആവശ്യങ്ങൾ നിറവേറ്റി പോന്നു പിന്നീട് എപ്പോഴോ മനുഷ്യൻ സംഘം ചേർന്ന് ജീവിക്കാൻ തുടങ്ങി ചില സ്ഥലങ്ങളിൽ

പ്രകൃതിയെ വെട്ടിനിരത്തി പുതിയ ആവാസ വ്യവസ്ഥകൾക്ക് രൂപം നൽകി അപ്പോഴും പ്രകൃതിയെ സുരക്ഷിതവും മിതവുമായ രൂപത്തിലാണ് ഉപയോഗപ്പെടുത്തിയത്. എന്നാൽ ഈ കാലഘട്ടത്തിലും വിവിധങ്ങളായ പ്രകൃതിപ്രക്ഷോഭങ്ങളും അത്യാഹിതങ്ങളും മനുഷ്യനെ വേട്ടയാടിയിരുന്നു. പല സംഘടിത

മേഖലകളും, അപ്രത്യക്ഷമാകുന്ന പ്രകൃതി ദുരന്തങ്ങളുടെ രേഖപ്പെടുത്തലുകളും ആയ സിന്ധുനദിക്കരയിൽ അപ്രത്യക്ഷമായ മനുഷ്യവാസ കേന്ദ്രങ്ങൾ നമുക്ക് കാണിച്ചു തരുന്നു. ഇത്തരം പ്രകൃതിദുരന്തങ്ങളെയും അത്യാഹിതങ്ങളെയും അതിജീവിച്ചുകൊണ്ട് മനുഷ്യ സമൂഹത്തിന് മുന്നോട്ട് പോകാൻ കഴിഞ്ഞത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സൗഹൃദപരമായ

ഇടപെടലുകൾ കൊണ്ട് മാത്രമാണ്. പ്രാദേശിക അടിസ്ഥാനത്തിൽ മനുഷ്യർ ഭൂപ്രകൃതിയിൽ അതിർവരമ്പുകൾ തീർക്കുകയും ആവാസ വ്യവസ്ഥയെ രൂപപ്പെടുത്തുന്നതിനായി പ്രകൃതിയെ വിവിധങ്ങളായി ഉപയോഗപ്പെടുത്താൻ തുടങ്ങി അപ്പോഴും പ്രകൃതിയിലെ അളവില്ലാത്ത വിഭവങ്ങളെയാണ് മനുഷ്യൻ ഉപയോഗപ്പെടുത്തി എന്നാണ് യാഥാർത്ഥ്യം. തന്റെ താല്പര്യങ്ങൾക്ക്

വേണ്ടി അവർ പ്രകൃതി അമിതമായി ചൂഷണം ചെയ്യാൻ ആരംഭിച്ചു.പ്രകൃതിയും ജീവ
സമൂഹവും വലിയ ഭീഷണി നേരിടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിച്ചു പോകുന്നത്
എന്ന് ഓർമ്മിപ്പിക്കേണ്ടിയിരിക്കുന്നു. ജീവജാലങ്ങൾക്ക് ആവശ്യമായ വിവിധങ്ങളായ
വാതകങ്ങളും ജലവും കാലാവസ്ഥയുമെല്ലാം ഒത്തുചേർന്ന് ആവാസവ്യവസ്ഥയാണ് പ്രകൃതി
വിഭാവനം ചെയ്യുന്നത്. അങ്ങനെയുള്ള പ്രകൃതിയിലെ മനുഷ്യത്വം മറ്റു ജീവജാലങ്ങൾക്കും


സസ്യജാലങ്ങൾക്കും എല്ലാം പരസ്പരം പുലർത്തി പോന്ന
ബന്ധത്തിൽ മനുഷ്യൻ വരുത്തിയ വീഴ്ച പ്രകൃതി എന്ന വർണ്ണ
പ്രബന്ധത്തെ വികലമാക്കി എന്ന് വേണം അനുമാനിക്കാൻ.
അതായത് ജീവജാലങ്ങളുടെ നിലനിൽപ്പിന് ആവശ്യമായ
പ്രകൃതിയും മനുഷ്യനും പ്രകൃതിയിലെ മറ്റു ജീവജാലങ്ങളും
തമ്മിൽ നിരന്തര സംഘട്ടനത്തിലേക്ക് എത്തിനിൽക്കാൻ
കാരണക്കാരായി മനുഷ്യർ മാറിയെന്ന് വേണം പറയാൻ.
ഫാക്ടറികളിൽ നിന്നും വാഹനങ്ങളിലും നിന്നും തുപ്പുന്ന വിഷം
അന്തരീക്ഷത്തെ സദാ മരണപ്പെടുത്തുന്നു
അന്തരീക്ഷത്തിലൂടെ ഉയർന്ന കാലാവസ്ഥയെ പ്രതികൂലമായി
ബാധിക്കുന്നു പാളിയിലെ വിള്ളലും ആഗോളതാപനവും
പരിസ്ഥിതിക്ക് ആഘാതങ്ങൾ ഏൽപ്പിക്കുന്നു പ്ലാസ്റ്റിക്
നിക്ഷേപിക്കുന്നത് മൂലം മണ്ണ്
മലിനമാകുന്നു.രാസകീടനാശികളും രാസവളങ്ങളും മണ്ണിനെ
മാറ്റി വരും തലമുറകളുടെ ജീവൻറെ നിലനിൽപ്പ്
അപകടത്തിൽ ആക്കുകയാണ്.

സത്യതീർത്ഥ

# संस्कृतविचिन्तनम् ।

लोकः सर्वदा परिवर्तनात्मकः खलु? तर्हि किमर्थमियं पुरातनीभाषा संस्कृतम्? बहुत्र एतादृशानि प्रश्नानि अभिमुखीकुर्वन्ति संस्कृतज्ञाः। इदानीं सर्वासां प्रादेशिकानां भाषाणां स्थितिः न तु भिन्ना। अन्याः भाषा इव संस्कृतमपि एका भाषा। भाषायाः मुख्यं प्रयोजनं तु सन्देशाशयानां विनिमयः। विश्वे सर्वत्र एका भाषा एव भवति तर्हि सन्देशाशयादीनां विनिमय इतोऽपि अनायासः भवेत्, इति आधुनिकमानिनः विश्वासः अत एव ते प्रादेशिकभाषाणां शिक्षणमपि न इच्छन्ति। चिन्तयामः अस्मिन् विषये किञ्चित्।

आशयसन्देशादीनां विनिमयः न तु केवलं वर्तमानकालात्मकः, अपि च भूतभव्यात्मकः च। तत्र सन्देशानामाशयानां च सुग्रहणं केवलमेकया भाषया न साध्यम्। भूते तु का भाषा आसीत् सैव भाषा आवश्यकी। तथाच तस्या भाषायाः संग्राहकक्षमता च आवश्यकी। भव्ये अपि तादृशी क्षमता एव आशयग्रहणे सहायकी भवेत्। किन्तु प्रायेण भाषायाः संग्राहकक्षमाता नूना इव दृश्यते, न तु प्राचीनानाम्, आधुनिकानां च समा अस्मिन् विषये। इयं क्षमता भाषाघटनामाश्रित्य तिष्ठति। संस्कृतभाषा तस्मिन् विषये औन्नत्यं प्रकटयति सर्वथा। कर्तृ- कर्म- क्रियात्मके एकस्मिन् वाक्ये, क्रमः भिन्नः चेत् अङ्गलेयमलयालादीनां भाषायामर्थग्रहणं कष्टतरं वर्तते। संस्कृते तु शाब्दबोधे नैवास्ति सः आयासः। व्यकरण- न्याय- मीमांसादीनि शास्त्राणि तत्र संस्कृतभाषायाः सहायकानि। बहूनि व्याकरणभाषापद्धतयः तत्र संस्कृतस्य सहायकानि भवन्ति। प्रायेण भाषायाः प्रादेशिभेदनि कालान्मकानि परिवर्तनानि च ग्रहणक्षमता न्यूनयति। किन्तु संस्कृते प्रादेशिकभेदानि प्रयोगानि च पाणिनीयव्याकरणादिषु सम्यगुपवर्णितानि, ताः वर्णनाः तादृशानि प्रयोगाणि अवगन्तुं सहायकानि। अन्यत्र परिवर्तनविषये चिन्तयति चेत् इयं व्याकरणपद्धतिः नूतनपदादीनां निर्माणाय कौशलानि प्रदास्यति। एवमेव अस्यां भाषायां वर्तमानाः विविधविषयात्काः ग्रन्थलोकाः आधुनिकपदानां सञ्जयाः। अतः दाक्षिणात्याः औत्तरीयाः भारतीयाः भाषाः नूतनपदनिर्माणाय संस्कृतभाषामाश्रयन्ति। तत्र न्यूनेन वर्णेन वा अक्षरेण अर्थयुक्तस्य पदनिर्माणाय संस्कृतं योग्यः इत्यत्र न संशयः। प्रादेशिकभाषायामतिवादिनः कदाचित् प्रादेशिकभाषापदानि संस्कृतं विहाय निष्पादयन्ति, बहुत्र एतानि पदानि दीर्घात्मकानि, परिहासात्मकानि तथा ग्रहणक्षमतायामपि अतिकष्टयुक्तानि इति अस्माकमनुभवः। एतादृशानि प्रवर्तनानि प्रादेशिकभाषाणां विनाशाय एव। अन्यत्र संस्कृतभाषायाः सहाय्येन प्रादेशिकभाषाणां व्युतपत्तिः प्रयोगश्च वर्धते इति अस्माकमनुभवः। अतः संस्कृतं सर्वदा भाषायाः सहायकः, न तु आङ्गलभाषादिवद् यमः।










SSLC വിജയികൾക്കുള്ള അനുമോദന ചടങ്ങ്



യോഗദിനാചരണം





സോഷ്യൽ ക്ലബ് ഉദ്ഘാടനം




വായനാദിനം




## ബാല്യത്തിന്റ സൗന്ദര്യം

കളി ചിരിയുടെ
ആനന്ദതിമിർപ്പുകളിലൂടെ-
കളിയാട്ടം കാലം
ചെറു ദുഃഖങ്ങളിൽ കണ്ണീർ
പൊഴിക്കും കാലം
അമ്മയുടെ
ചോറു ഉരുളയ്ക്കു മുന്നിൽ
വാശിയായ് നിൽക്കും കാലം
മണ്ണിനെ അപ്പമായി
കണ്ട കാലം
മഴവില്ലിൻ വർണ്ണങ്ങൾ
പോലെ
സുന്ദരമായ ബാല്യകാലം

തേജ ലക്ഷ്മി



AYSHA. VIII.F



DEVANGANA P

# മാലിന്യ വിമുക്ത കേരളം

ആദിയ ലക്ഷ്മി SS IX.B

ദൈവത്തിൻറെ സ്വന്തം നാട് എന്നറിയപ്പെടുന്ന നമ്മുടെ കേരളം ഇന്ന് മണ്ണും വിണ്ണും വെള്ളവും എല്ലാം വിഷമയമായിരിക്കുന്നു. നാം ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നമാണ് മാലിന്യം. നമ്മുടെ ജലാശയങ്ങളും പൊതുസ്ഥലങ്ങളും എല്ലാം ഇന്ന് മാലിന്യം കൊണ്ട് നിറഞ്ഞിരിക്കുകയാണ് മനുഷ്യരുടെ പ്രവർത്തികൾ മൂലമാണ് കേന്ദ്രങ്ങളിൽ മാലിന്യംനിറയുന്നത്. ഇത്തരം പ്രവർത്തികൾ മനുഷ്യർക്ക് തന്നെയാണ് ദോഷം ചെയ്യുന്നത് .പലപല പകർച്ചവ്യാധികളും ദുർഘടപൂരിതമായ പ്രദേശങ്ങളും, അറപ്പും വെറുപ്പും ഉള്ളതാകുന്ന മാലിന്യക്കൂമ്പാരങ്ങളാണ് നാം കാണുന്നത്. മാലിന്യമായ ജലാശയങ്ങളും മണ്ണും പ്രകൃതിയും ആണോ നമ്മുടെ വരുംതലമുറയ്ക്ക് കാണേണ്ടത് .നമ്മുടെയൊക്കെ വീടുകൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കാൻ ഹരിത സേനയുടെ പ്രവർത്തകർ മാസംതോറും. നമ്മുടെ പ്ലാസ്റ്റിക് അവർക്ക് നൽകിയാൽ എത്ര ശതമാനം മാലിന്യങ്ങൾ നമുക്ക് തടയാം. മാലിന്യം എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് പ്ലാസ്റ്റിക് മാത്രമല്ല, ഉപയോഗശൂന്യമായതും മണ്ണിലേക്ക് ചേരാത്തതുമായ വസ്തുക്കൾ മാലിന്യമായി പരിഗണിക്കാം. പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് കുറ്റകൃത്യങ്ങളാണ്. മാലിന്യ നിക്ഷേപിക്കേണ്ട സ്ഥലത്ത് മാത്രം നിക്ഷേപിക്കുക. മാലിന്യ വിമുക്ത കേരളം എന്നത് നമ്മുടെയൊക്കെ സ്വപ്നമാണ്. സുന്ദരമായ കേരളമാണ് നാം ആഗ്രഹിക്കുന്നത് നമ്മുടെ തലമുറകൾ കാണേണ്ടതും അതുതന്നെയാണ് അതിനുവേണ്ടി നാം ചിലത് ചെയ്താൽ മതി. ജൈവമാലിന്യങ്ങൾ അജൈവമാലിന്യങ്ങൾ എന്നും തരംതിരിക്കുക. ജൈയവാലിന്യങ്ങൾ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാം .മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ വലിച്ചെറിയാതെ ഇരിക്കുക. നമ്മുടെ ശുദ്ധജലത്തിന്റെ അളവ് വളരെ കുറവാണ് കുടിക്കുന്ന വെള്ളം പോലും ശുദ്ധമല്ല .പുഴയിലും തോടുകളിലും ജലാശയത്തിലും ചപ്പുചവറുകൾ വലിച്ചെറിയുന്നവരാണ് മനുഷ്യർ.ഒന്ന് പറഞ്ഞാൽ ഈ മാലിന്യ കേരളം ഉണ്ടാക്കിയത് നാം തന്നെയാണ് .നാം മാലിന്യങ്ങൾ വലിച്ചെറിയുന്നത് നിർത്തിയാൽ ഈ കേരളം സുന്ദര കേരളമാകും. മുകളിൽ പറഞ്ഞതുപോലെ മാലിന്നമുണ്ട് ഉദ്ദേശിക്കുന്നത് പ്ലാസ്റ്റിക്ക് മാത്രമല്ല വായു മലിനീകരണം ജലമലിനീകരണം തുടങ്ങിയവയാണ്. ഫാക്ടറികളിൽ നിന്നും വരുന്ന പുകയും മറ്റും വായു മാലിനീകരണത്തിന് കാരണമാകുന്നു .വാഹനങ്ങളിൽ നിന്നും വരുന്ന പുകയും അതിനു കാരണമാണ്. ഒരു വീട്ടിൽ നിന്ന് ഒരു വണ്ടിക്ക് പകരം ഒന്നിൽ അധികം വണ്ടികൾ പുറത്തുപോകുന്നു. അങ്ങനെയൊക്കെ മലിനീകരണം നടക്കുന്നു. ജലമലിനീകരണം ഇങ്ങനെ തന്നെയാണ് മനുഷ്യർ തന്നെയാണ് കേരള മലിനീകരണം ആകുന്നത് .സർക്കാർ മാലിന്യ വിമുക്ത കേരളം എന്ന പദ്ധതി ആസൂത്രണം ചെയ്ത് ഹരിതകർമ്മസേന നടത്തിവരുന്നു നമ്മുടെ വീടുകളിലെ പ്ലാസ്റ്റിക്കുകളും ചില്ലുകളും തുടങ്ങിയവ അവർ വന്നു കൊണ്ടുപോകും. നമ്മുടെയൊക്കെ സ്വപ്നം പോലെ കേരളം മാറണം അതിനു വേണ്ടി നാം തന്നെ പരിശ്രമിച്ചാൽ മതി .വീടുകളിൽ ആഴ്ചയിൽ ഒരു ദിവസം ഡ്രൈ ഡേ ആചരിക്കണം .ഞായറാഴ്ചദിവസങ്ങളിലാണ് ആചരിക്കുന്നത്. വീട്ടിലെ എല്ലാവരും കൂടി വീടും പരിസരവും ഒക്കെ വൃത്തിയാക്കി സൂക്ഷിക്കുക പ്ലാസ്റ്റിക് മാലിന്യങ്ങൾ നല്ല വൃത്തിയിൽ ചാക്കിലോ സൂക്ഷിക്കുക. ഹരിതകർമ്മസേനയുടെ ആളുകൾ വരുമ്പോൾ കൊടുത്താൽ മതി. നമ്മുടെ സ്വപ്നം





**മാലിന്യ മുക്ത സുന്ദര കേരളം, കേരളം**


12
1
2
3
4
5
6
7
8
9
10
11


drugs
2023 ജൂൺ 26 തിങ്കൾ
ലഹരി വിരുദ്ധ ബോധവൽക്കരണം
ലഹരി വിരുദ്ധ റാലി
പ്ലക്കാർഡ് നിർമ്മാണം
പ്രതിജ്ഞ
മുഖ്യാതിഥി: മുസ്തഫ കെ
(ASI കുറ്റ്യാടി)





കേരള സ്കൂൾ
ശാസ്ത്രോത്സവം
കുന്നുമ്മൽ ഉപജില്ല
ഗണിത ശാസ്ത്രമേള -HS
വേളം ഹയർ സെക്കണ്ടറി സ്കൂളിന്റെ
അഭിമാനതാരങ്ങൾ
HARINAND M.S
STILL MODEL
THIRD A GRADE
VEDA KRISHNA
SINGLE PROJECT
THIRD A GRADE
FAYIZA K
WORKING MODEL
THIRD B GRADE
RANAFATHIMA C.K
GEOMETRICAL CHART
A GRADE
SIYA SIBEESH
GROUP PROJECT
A GRADE
AKHILENDU DAS
GROUP PROJECT
A GRADE
NEERADA M
PURE CONSTRUCTION
A GRADE
DIYA MANOJ V K
GAME
A GRADE
NIBODH K T
PUZZLE
B GRADE
SWALIHA E
OTHER CHART
B GRADE
HIBA FATHIMA A
APPLIED CONSTRUCTION
C GRADE
HANA FATHIMA
NUMBER CHART
C GRADE
അഭിനന്ദനങ്ങൾ
PTA




കേരള സ്കൂൾ
ശാസ്ത്രോത്സവം
കുന്നുമ്മൽ ഉപജില്ല
പ്രവൃത്തി പരിചയമേള HS വിഭാഗം
MUHAMMAD NAHIL
Veg Printing
Third A Grade
AJUL DEV
Coir Door Making
A Grade
NIHAL DARVEESH
Metal Engraving
A Grade
SRAVAN G.S
Thread Pattern
A Grade
AYISHA SAMAR
Fabric Painting
A Grade
SATHYATHEERTHA
Paper Craft
B Grade
ARYANANDA T.K
Embroidery
B Grade
HIBA FATHIMA
Book Binding
B Grade
LAMIYA MAJEED
Garment Making
C Grade
SALVA A.K
Budding & Layering
Third Place
വിജയികൾക്ക് അഭിനന്ദനങ്ങൾ
സ്റ്റാഫ് & പി.ടി.എ വേളം ഹയർ സെക്കണ്ടറി സ്കൂൾ

# THE GHOST

1857 ജ്ജൂർ പട്ടണത്തിൽ ഒരു വലിയ കെട്ടിടമുണ്ടായിരുന്നു. പല കെട്ടുകഥകളും അവിടെ പ്രചാരത്തിലുണ്ടായിരുന്നു. അവിടെ പണ്ട് ഒരു ബിസ്നസ്സ്കാരനായിരുന്നു ജീവിച്ചത്. ഭാര്യയും മക്കളും കൊല്ലപ്പെട്ടു. ദു:ഖം സഹിക്കാനാവാതെ അദ്ദേഹം അവിടെ തന്നെ തൂങ്ങി മരിച്ചു.അവിടെ പോയവരാരും തിരിച്ചു വന്നിട്ടില്ല എന്നാണ് പലരും ആ കോട്ടയെ പറ്റി പറഞ്ഞത്. പിന്നെ അങ്ങോട്ട് ആരും പോവാറുമില്ല.



ഒരിക്കൽ ജ്ജോൺസൺ എന്ന ആൾ ആ വഴിയെ, തന്റെ കൂട്ടം തെറ്റിപോയ ആടുകളെ നോക്കി വന്നു.ജ്ജോൺസൺ ആദ്യമായാണ് ഗ്രാമത്തിൽ വരുന്നത്. അതുകൊണ്ട് കോട്ടയെ പറ്റി അവന് ഒന്നും അറിയില്ല. ആരും പറഞ്ഞതുമില്ല. അവൻ കുറേ നേരം ആടുകളെ അന്വേഷിച്ചു നടന്നു. എവിടെയും ആടുകളെ കണ്ടില്ല. കുറച്ച് നേരം അവൻ അവിടെ ഇരുന്നു. പെട്ടന്നാണ് ആ കോട്ടയിൽ നിന്ന് ആടിന്റെ ശബ്ദം കേട്ടത്. അവൻ ഒന്നും ആലോചിക്കാതെ കോട്ടയിൽലേക്ക് കയറി മെല്ലെ വാതിൽ തുറന്ന് അകത്തേക്ക് കടന്നു. നിറയെ വവ്വാലുകളായിരുന്നു.അതിന്റെ അകത്ത് ജീർണിച്ച വാതിലും,ജനലും വലിയ ഹാളുമുണ്ടായിരുന്നു.നേരം വളരെ വൈകിയിരുന്നു.ചെറിയ പേടി ഉണ്ടെങ്കിലും അവൻ ആടിന്റെ ശബ്ദം കേട്ട സ്ഥലത്തേക്ക് നിങ്ങി.അവൻ ആദ്യം വിചാരിച്ചത് അവിടെ ആൾ പാർപ്പില്ലാ എന്നായിരുന്നു പക്ഷേ അവിടെയൊക്കെ റാന്തൽ വിളക്ക് കത്തിച്ചു വച്ചിരുന്നു അതുകൊണ്ട് പേടിയില്ലാതെ അവൻ നടന്നു.കോണി പടികൾ കയറി മുകളിലേക്ക് നടന്നു. ഈ ജീർണിച്ച വീട്ടിൽ ആരാണ് താമസിക്കുന്നത്.മുകളിൽ എത്തിയ അവൻ അത്ഭുതപ്പെട്ടുപോയി.മേശ നിറയെ ആട്ടുസൂപ്പ്,ആട്ടിറച്ചി,വൈൻ,റൊട്ടി... വിശന്ന് വലഞ്ഞ അവൻ അതെല്ലാം വെട്ടി വിഴുങ്ങി.കുറച്ച് കഴിഞ്ഞ് വിശപ്പ് ഒക്കെ അടക്കി അവൻ കസേരയിൽ നിന്ന് എഴുന്നേറ്റു പിന്നീട് ഒരു വൃദ്ധൻ അവന്റെ മുന്നിൽ വന്നു നിന്നു.അവന് പേടിയായി തന്നെ ഭക്ഷണം കഴിച്ചതിന് വല്ലതും പറയുമോ എന്നായിരുന്നു അവന്റെ പേടി.പക്ഷെ ആ വൃദ്ധൻ മോൻ ആരാണെന്ന് ചോദിച്ചു അവൻ നടന്ന കഥയൊക്കെ പറഞ്ഞു.അപ്പോൾ വൃദ്ധൻ പറഞ്ഞു ആടിനെ ഒക്കെ നമ്മൾക്ക് നാളെ നോക്കാം ഇപ്പോൾ പോയി ഉറങ്ങി ക്കോളൂ.വൃദ്ധൻ അവന് റൂം കാണിച്ചു കൊടുത്തു.അവൻ അവിടെ കിടന്നു പക്ഷേ അവന് ഉറക്കം വന്നതെയില്ല അവൻ പതിയെ റൂമിൽ നിന്ന് പുറത്തിറങ്ങി ആപ്പോഴാണ് അവൻ ഒരു അടച്ചിട്ട റൂം കണ്ടത്.അവിടെനി-ന്ന് ആടുകളുടെ ശബ്ദവും കേൾക്കുന്നു അവൻ ആ റൂമിലേക്ക് നടന്നു പതിയെ കതക് തുറന്നു പെട്ടെന്ന് എല്ലാ വിളക്കുകളും അണഞ്ഞു അവൻ ഇരുട്ടത്ത് ഒറ്റയ്ക്കായി പേടിച്ച് കൈ കാലുകൾ വിറയ്ക്കുന്നു.പെട്ടെന്ന് അവന്റെ കഴുത്തിൽ ആരോ പിടിച്ചു.അവൻ തിരിഞ്ഞു നിന്നു പേടിച്ച് അവന്റെ നാവ് ഇറങ്ങിപോയി കൈ കാലുകൾ വിറയ്ക്കുന്നു.ഒരു കറുത്ത രൂപം, മുഖത്ത് നിന്നും പല്ലിൽനിന്നുമെല്ലാം ചോര ഉറ്റി വിഴുന്നു.പിറകിൽ വെള്ള വസ്ത്രം ധരിച്ച രൂപങ്ങൾ അവന് എന്ത് ചെയ്യണമെന്ന് അറിയില്ല.അവൻ അവിടെ ക ിടന്ന വിളക്കെടുത്ത് പ്രേതത്തിന് നേരെ ഏറിഞ്ഞു പ്രേതം അത് നിഷ്പ്രയാസം പൊട്ടിച്ച്കളഞ്ഞു.അവൻ പുറകിൽ കൂടി ഓടാൻ ശ്രമിച്ചു.അവിടെയും വെള്ള വസ്ത്രം ധരിച്ച രൂപങ്ങൾ.അവൻ ഒന്നും ആലോചിക്കാതെ അയ്യോ എന്നെ ഒന്നും ചെയ്യല്ലേ എന്നും പറഞ്ഞ് പ്രേതത്തിന്റെ കാലിൽ കുമ്പിട്ടു .പ്രേതത്തിനുണ്ടോ....!കാല്...!പെട്ടെന്ന് ഒരു അശരീരി കേട്ടു ...എന്റെ ഭാര്യയെയും മക്കളെയും കൊന്നതിന് സമ്മാനം ഇതാ.... പറഞ്ഞ് തീർന്നതും,ബാക്കി ഞാൻ പറയണ്ടല്ലോ ?പ്രേതത്തിന് കുശാലായി.... പ്രേതം മൈക്കിനെ കൊന്നതിന് വെറൊരു കാരണമുണ്ട് ..അതെ ആ ബിസിനസ്സ് കാരന്റെ ഭാര്യയെ മൈക്ക് വശീകരിച്ച് പ്രേമത്തിലാക്കി എന്നിട്ട് മക്കളെയും ഭാര്യയെയും ചുട്ടുകൊന്നു കളഞ്ഞു അതിന്റെ പ്രതികാരം പ്രേതം തീർത്തു.

Hina nujood m k


വേളം ഹയർ സെക്കണ്ടറി സ്കൂൾ-ചേരാപുരം
സ്കൂളിന്റെ തനത് സ്കോളർഷിപ്പ്
VETERAN TEACHERS SCHOLARSHIP
2023 - 24 അധ്യയന വർഷത്തെ ഞങ്ങളുടെ പ്രതിഭകൾ
THEJA MANOJ (VIII-B)
AFRA FATHIMA (VIII-C)
DIYA MANHA EK (VIII-F)
NAJA FATHIMA (VIII-F)
NIBODH K T (VIII-D)
YADAV KRISHNA (VIII-A)
NIYA PRAVEEN (VIII-D)
HRITHIK S J (VIII- F)
MELBA R DINESH (VIII- D)
NAHIDA FATHIMA K V (VIII- F)
NAJIYA MIDHA (VIII-D)
HRIDUDEV (VIII-A)
SHAHMA FATHIMA (VIII-D)
DEVAJ BIJU (VIII-A)
AJULDEV T (VIII-A)
ANJALI V K (VIII-C)
VISHNU R SUDHEESH (VIII-D)
ADIN DEV (VIII-D)
ALIYA ANAS J A (VIII-E)
MUHAMMAD HADIN (VIII-A)
RIYA FATHIMA P K (VIII-B)
VYSHNAV KC (IX-A)
ANANYA CK (IX-D)
SNEYA LAKSHMI (IX-C)
SATHYA THEERTHA (IX-B)
SIYARA S BABU (IX-C)
MISBAH BENHAR (IX-B)
SANA FATHIMA K (IX-A)
SAJA FATHIMA K (IX-B)
SHAHMA FATHIMA (IX-A)
FATHIMA SHIFANA (IX-A)
SHIFNA FATHIMA (IX-A)
AYISHA SAFA (IX-A)
AVANIKA V R (IX-D)
RIFA FATHIMA M P (IX-E)
VYSHNAVI K S (IX-C)
THEJA LAKSHMI A S (IX-C)
AYISHA HAMNA T K (X-A)
AHMAD YASEEN (X-D)
DIYA MANOJ V K (X-B)
MALAVIKA DINESH (X-B)
NIYA FATHIMA KK (X-B)
AKHILENDU DAS (X-A)
NEERADAM (X-B)
SHREENANDA S S (X-C)
AFLAH T T K (X-D)
SIYA SIBEESH (X-A)
FATHIMAH (X-A)
SHABNAM SHERIN (X-A)
SCIENCE FAIR
SHABNAM SHERIN (X-A)
ARABIC TALENT
AYISHA HAMNA T K (X-A)
SCIENCE FAIR
AYISHA LIYA (X-E)
SPORTS
NASIH ABDULLA (X-B)
ARTS
RANA FATHIMA (X-B)
വിജയികൾക്ക് അഭിനന്ദനങ്ങൾ
സ്റ്റാഫ് & പി.ടി.എ
വേളം ഹയർ സെക്കണ്ടറി സ്കൂൾ ചേരാപുരം





INDULEKHA IX.D

# പരിസ്ഥിതി സൗഹൃദം

പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള സൗഹൃദം വളർന്നു പന്തലിക്കുന്നിടത്താണ് നമ്മുടെ ജീവിതം സങ്കൽപങ്ങൾക്ക് മനോഹാരിത കൈവരുന്നത്. വിവേകവും ചിന്താശേഷിയുള്ള നാം മനുഷ്യർ ഭൂമിയിലെ ജൈവ അജൈവ സാന്നിദ്ധ്യങ്ങളുടെ സൗഹൃദ പരിസരങ്ങൾ വികലമാകാതെ നിലനിർത്താൻ നേതൃത്വം കൊടുക്കേണ്ടവരാണ്. എന്നാൽ നാം മനുഷ്യർ അഹങ്കാരത്തിന്റെ എവറസ്റ്റ് കയറി ഈ ഒരു ദൗത്യത്തിൽ നിന്ന് പിറകോട്ടാണ്പോകുന്നത് എന്ന ആശങ്കകൾക്ക് നിറം പകരുന്ന വാർത്തകളാണ് നമുക്ക് ചുറ്റും.

മനുഷ്യർ കാടു കയ്യേറി മണ്ണ് പകുത്ത് എടുക്കുമ്പോൾ കാനനവാസികൾ നാട്ടിലിറങ്ങിവരുന്ന വാർത്തകളാണ് നാടെങ്ങും. വയനാട്ടിൽ കാട്ടാന കാടു വിട്ട് നാട്ടിൽ ഇറങ്ങി ഒരു മനുഷ്യജീവൻ അപഹരിച്ചതിന് മനുഷ്യൻെറ ആർത്തി തന്നെയല്ലേ പ്രതിസ്ഥാനത്ത് നിൽക്കുന്നത്. മനുഷ്യൻറെ വിഹാരത്തിന് ഭീഷണി ഉയർത്തും വിധം നാട്ടിൽ ഇറങ്ങിവരുന്നത് അവരുടെ ആവാസവ്യവസ്ഥയിൽ നാം അതിക്രമിച്ച കയറിയത് കൊണ്ടാണെന്നത്ചർച്ചയിൽപ്പോലും നാം വഴി തിരിച്ചുവിടുകയാണ് ചെയ്യുന്നത് .നമ്മുടെ ആവാസ വ്യവസ്ഥയെ നിലനിർത്താനുള്ള വിദഗ്ധരുടെ ശാസ്ത്രീയ നിർദ്ദേശങ്ങളെ അജ്ഞതയുടെ അന്ധകാരത്തിൽ നിന്ന് കൊണ്ട് അധികാരികൾ അവഗണിച്ച് ചവറ്റുകൊട്ടയിൽ എറിയുകയാണ്പതിവ്. രാഷ്ട്രീയ താൽപര്യങ്ങളും അഴിമതികളും മുന്നിൽ വരുന്നതോടെയാണ് പരിസ്ഥിതിയെ മറക്കാൻ ഇവരെ പ്രേരിപ്പിക്കുന്നത് .പശ്ചിമഘട്ട സംരക്ഷണത്തിന് വി. എൻ ഗാഡ്ഗിൽ കൊണ്ടുവന്ന പഠന റിപ്പോർട്ട് നടപ്പിലാക്കാതെ പോയതിന് എല്ലാവരും ഒരുമയോടെ നിന്നു എന്നത് യാഥാർത്ഥ്യമാണ് .

നമ്മുടെ ചുറ്റുവട്ടത്ത് പോലും തണ്ണീർത്തടങ്ങളും ജലസംഭരണികളും തോടുകളും ഒക്കെ നികത്തി ജീവിതം വർണാഭമാക്കുന്നതിന്റെ തിരക്കിലാണ് നാമോരോരുത്തരും കുന്നിടിച്ചും, നികത്തിയും ജീവിതത്തെ ആഡംബര പൂർണമാക്കാൻ നിർമ്മിക്കുന്ന ബഹുനില കെട്ടിടങ്ങൾ പോലും പ്രളയത്തിൽ പൂർണമായി നിശ്ചലമായിട്ട് പോലും നമുക്ക് പാഠമാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം.ഉറവുകളും തണ്ണീർത്തടങ്ങളും തടഞ്ഞുനിർത്തിയിട്ട് ജലദൗർ ലഭ്യത്തെക്കുറിച്ച് വാചാലമാകുന്നത് എന്തൊരു നിരോധാഭാസമാണ് .നമ്മുടെ മാലിന്യങ്ങൾ യാതൊരു ദാക്ഷിണ്യവുമില്ലാതെ നദികളിലേക്ക് തുറന്നു വിടുന്നവരാണ് പലരും. ഒരുകാലത്ത് മാവൂരിൽ തലയുയർത്തി നിന്ന ഗോളിയോർ റയോൺസ് വിഷദ്രാവകം ചാലിയാർ നീരൊഴുക്കിലേക്ക് ഒഴുക്കി വിട്ടതിന്റെ ഫലമായിരുന്നു തീരത്തുള്ളവരിലെ കാൻസറിന്റെ വ്യാപനം. നമ്മുടെ ടൗണുകളിലെ വലിയ വലിയ ഫാക്ടറുകളും ഹോട്ടലുകളും മറ്റും ഇന്നും മലിന ജലം ഒഴുക്കി വിടാനുള്ള മാധ്യമമായി ഉപയോഗിക്കുന്നത് നദികളാണ്. പരിസ്ഥിതിക്കും ആവാസ വ്യവസ്ഥിതിക്കും കോട്ടം തട്ടാത്ത വിധമുള്ള വികസനത്തെക്കുറിച്ചും ജീവിത സാഹചര്യത്തെക്കുറിച്ചും നാം ചർച്ച ചെയ്തു പ്രാബല്യത്തിൽ വരുത്തുന്ന ചിന്തയിലേക്ക് വരേണ്ടിയിരിക്കുന്നു. മലിനീകരണത്തിന് പകരം നിർമ്മാണാത്മകമായ ഗ്രീൻ ഫ്രണ്ട്ഷിപ്പ് ആണ് വളർന്നു വരേണ്ടത്.

DIYA MANHA
VIII.F

# സൗഹൃദ മഹാത്മ്യം

എൻറെ ജീവിതത്തിൻറെ തണലാണ്
അവർ
എൻറെ ദുഃഖങ്ങളാണ് അവർ
എൻറെ സന്തോഷമാണ് അവർ
എൻറെ ചിന്തകളിലെ ആനന്ദമാണ്
അവർ
ഞാൻ ദുഃഖിക്കുമ്പോൾ എൻറെ
കണ്ണീർ ഒപ്പിടുന്ന തൂവാലകളാണ്
അവർ
ഞാൻ സന്തോഷിക്കുമ്പോൾ
എൻറെ പുഞ്ചിരി ആകുന്നു അവർ
എന്റെ വസന്തങ്ങളിലെ
പൂമ്പാറ്റകളാണ് അവർ
എന്നും എൻറെ കൂടെയുള്ള
കൂട്ടുകാർ

THEJA LAKSHMI






വേളം ഹയർ സെക്കണ്ടറി
സ്കൂൾ ചേരാപുരം
പരിസ്ഥിത
ദിനാചരണ
2023 ജൂൺ.5 തിങ്ക
ഉദ്ഘാടനം
ശ്രീ ഉദീപ് കാപ്പുമ്മൽ
സമ്മിശ്ര കർഷകൻ, പൂർവ്വ വിദ്യാർത്ഥി
പരിസ്ഥിതിദിനസന്ദേശം
ശ്രീ എംഇ രമേശൻ
ഹെഡ്മാസ്റ്റർ വേളം ഹൈസ്കൂൾ
ഥിതി ദിന ക്വിസ്
ളാഷ് നിർമാണം
ളിൽ വൃക്ഷതൈ നടൽ


ചരണം











# നക്ഷത്രം

പൊന്നു , നിന്നോടല്ലേ ...ഞാൻ പറഞ്ഞത് ഇത് കഴിച്ചിട്ട് പോകാൻ ....
അമ്മേ ! അമ്മയ്ക്ക് എന്താ പറഞ്ഞാൽ മനസ്സിലാകാത്തത്?
എനിക്ക് വേണ്ട ...എന്ന് ഞാൻ പറഞ്ഞില്ലേ ....ഞാൻ പോകുന്നു .
അമ്മയോട് വഴക്കുണ്ടാക്കിയ അവൾ സ്കൂളിലേക്ക് പോയി സ്കൂളിലേക്ക് പോകുമ്പോൾ അമ്മയോട് വഴക്കുണ്ടാക്കിയതിന് എന്തോ ഒരു കുറ്റബോധം തോന്നി .അങ്ങനെ സ്കൂളിൽ അവർ അതെല്ലാം മറന്നു കൂട്ടുകാരോടൊപ്പം ക്ലാസ്സിലേക്ക് പോയി. ഉച്ച ആയപ്പോൾ അമ്മ തന്നു വിട്ട പൊതിച്ചോറ് കഴിച്ചു കൊണ്ടിരിക്കുമ്പോൾ ക്ലാസിലേക്ക് ഒരു കുട്ടി വന്നു അമയ കൃഷ്ണയെ എച്ച് എം വിളിക്കുന്നു എന്ന് പറഞ്ഞു .അടുത്തേക്ക് പോയി, അപ്പോഴാണ് ഞാൻ അവിടെ എൻറെ അമ്മാവനെ കണ്ടത് .കാര്യം തിരക്കി അപ്പോൾ അമ്മാവൻ വീട്ടിൽ എത്തിയിട്ട് പറയാം എന്ന് പറഞ്ഞ് എന്നെയും കൂട്ടി വീട്ടിലേക്ക് പോയി .ഞാൻ കുറെ കാര്യം അമ്മാവനോട് തിരക്കി എങ്കിലും ഒന്നും തന്നെ പറഞ്ഞില്ല .വീടിനു ചുറ്റും നിറയെ ആളുകളും വാഹനങ്ങളുമായിരുന്നു. എന്തോ ഒരു സഹാനുകമ്പയോടെയാണ് എല്ലാവരും എന്നെ നോക്കിയത്. വീടിനുമുറ്റത്ത് എത്തിയപ്പോൾ ഞാൻ കണ്ട കാഴ്ച ഒരു വെള്ളപ്പുതപ്പ് പുതച്ച് മൂടി കെട്ടിയ എൻറെ അമ്മയെയായിരുന്നു. അമ്മ ഉറങ്ങിയത് ആയിരിക്കും ,അല്ലേ.. പണി കഴിഞ്ഞു വന്നു, ക്ഷീണം കാരണം അമ്മ ഉറങ്ങുന്നതായിരിക്കും എന്ന് ഞാൻ മനസ്സിൽ കരുതി .ഞാൻ ഓരോ അടിയും എടുത്തു വച്ചു. എനിക്ക് പൊറുക്കാൻ കഴിഞ്ഞില്ല...
ഞാൻ അമ്മയുടെ വയറിന്മേൽ മുഖം പൂഴ്ത്തി പൊട്ടിക്കരയാൻ തുടങ്ങി .അത്രയും നേരം വരാതിരുന്ന കണ്ണുനീർ , പേമാരി പോലെ പെയ്യാൻ തുടങ്ങി. ആരൊക്കെയോ എന്നെ പിടിച്ചു മാറ്റി. എന്തിനാണ് അമ്മേ എന്നെ തനിച്ചാക്കി പോയത് ....അമ്മ ഇല്ലാത്ത ഈ ലോകത്ത് ഇനി എനിക്ക് ജീവിക്കേണ്ട .ഞാൻ അവിടെ കിടന്ന കത്തിയെടുത്ത് എൻെറ കൈ മുറിച്ചു. 'പിന്നീട് ആരൊക്കെയോ എന്നെ ഹോസ്പിറ്റലിൽ കൊണ്ടുപോയി അമ്മേ എന്ന് വിളിച്ചാണ് പിന്നീട് ഞാൻ ഉണരുന്നത് അച്ഛൻ ഞങ്ങളെ വിട്ട് പോയതിന് ശേഷം അമ്മ കൂലി പണിക്ക് പോയിട്ടായിരുന്നു എന്നെ നോക്കിയത്. ഒരു വേദന പോലും അമ്മ എന്നെ അറിയിച്ചിട്ടില്ല, അത്രയും കഷ്ടപ്പെട്ടാണ് അമ്മ എന്നെ നോക്കിയത്. പണി എടുക്കുന്നതിന് ഇടയ്ക്ക് തളർന്ന് വീണായിരിക്കും അമ്മ മരിച്ചത് . എൻറെ അമ്മയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു ഞാൻ ഒരു നല്ല നിലയിൽ എത്തണമെന്നത്. അമ്മയുടെ മരണശേഷം ഞാൻ അമ്മാവൻ്റെ വീട്ടിലായിരുന്നു അമ്മയുടെ ആഗ്രഹം പോലെ ഇന്ന് ഞാൻ ഒരു ടീച്ചറാണ്. എല്ലാം കൊണ്ടും ഞാൻ ഇന്ന് സന്തോഷക്കുന്നു.എന്നാലും ഒന്ന് മനസ്സിനെ വല്ലാതെ വേദനിപ്പിക്കുന്നു. അന്ന് ഞാൻ അമ്മയോട് സ്കൂളിൽ പോയപ്പോൾ അമ്മയോട് ദേഷ്യപ്പെട്ടത് . അമ്മ പോയതിനുശേഷം ഞാൻ ഒരു കാര്യം പഠിച്ചു ,ഉള്ളപ്പോൾ നമുക്ക് വില അറിയില്ല.. നഷ്ടപ്പെടുമ്പോഴേ വില അറിയൂ.. പക്ഷേ എന്നും അമ്മ എന്നെ നോക്കി ചിരിക്കാറുണ്ട്. ആകാശത്തിലെ നക്ഷത്രം ആയിട്ട് എന്നും ഞാൻ അമ്മയോട് സംസാരിച്ചിരിക്കും.
അമ്മ ...എന്നെ വിട്ട് എവിടെയും പോയിട്ടില്ല.

NAJA FATHIMA
IX.E

# ഗ്രാമ വീഥിയിലൂടെ ഒരു യാത്ര

ഇപ്പോൾ അമ്മമാരെ വൃദ്ധസദനങ്ങളിലും തെരുവുകളിലേക്കും വലിച്ചെറിയുന്നു. അങ്ങനെ സ്വന്തം മകൻ താൻ തെരുവിലേക്ക് കളഞ്ഞ അമ്മയെ ഒരു കാട്ടിൽ നിന്ന് കണ്ടെത്തുന്ന കാഴ്ച ഞാൻ ഈ കഥയിൽ ഉൾക്കൊള്ളിക്കാൻ ഉദ്ദേശിക്കുന്നത് .ഞാൻ എൻറെ ഒരു ഭാവന പറയട്ടെ ... എന്നെ സംബന്ധിച്ചിടത്തോളം മനുഷ്യരേക്കാൾ ഉത്തമർ മൃഗങ്ങളും പ്രകൃതിയുമാണ് .അതെന്താണെന്ന് ചോദിച്ചാൽ നിങ്ങൾക്ക് ഈ കഥയിലൂടെ മനസ്സിലാവും .മൈക്ക് ഒരു സാഹസികമായ വ്യക്തിയാണ് അദ്ദേഹം രചനയോടും യാത്രകളോടും ഇഷ്ടപ്പെടുന്നു .അങ്ങനെ വിഥുരയിലേക്ക് ഒരു യാത്ര അദ്ദേഹം നടത്തി ,കാണാൻ അദ്ദേഹം ഒരു മാന്യനാണ് എങ്കിലും ഒരു ദുഷ്ടനാണ് സ്വന്തം അമ്മയെ അദ്ദേഹം ക്രൂരമായി മർദ്ദിച്ച്  തെരുവിൽ നിക്ഷേപിച്ചു .നേരം വളരെ ഇരുട്ടിയിരുന്നു യാത്ര ചെയ്തു വാഹനത്തിലെ പെട്രോൾ തീർന്നു .അവൻ ഗ്രാമ വീഥിയിലൂടെ സഞ്ചരിച്ചു പോവുകയായിരുന്നു . ഈ വഴി എവിടെയാ അവസാനിക്കുക എന്ന് അവന് അറിയില്ല ,പതിയെ നടന്നു നീങ്ങി ഒരു കാട്ടിലേക്കാണ് ഗ്രാമവേദി പോകുന്നത്. ആ ഗ്രാമ വീഥിയിലൂടെയുള്ള യാത്ര അവന് ഇഷ്ടപ്പെട്ടു അവൻ മെല്ലെ ആ കാട്ടിലേക്ക് പ്രവേശിച്ചു . പേടി അവനെ അലട്ടുന്നുണ്ടായിരുന്നു. കാട് നിശബ്ദമായിരുന്നു. ഉള്ളിൽ ഭയം ഒതുക്കി അവൻ മെല്ലെ നടന്നു ടോർച്ച് വെളിച്ചത്തിൽ അവൻ എല്ലാം കാണുന്നുണ്ടായിരുന്നു കാട് ഒരു സിംഹത്തിൻ്റെ ഗർജനത്താൽ അവനെ സ്വീകരിച്ചു അവൻ പേടിച്ചു വിറച്ചു .തങ്ങാൻ പറ്റിയ ഒരിടം അവൻ തിരയുകയായിരുന്നു പെട്ടെന്നാണ് ഒരു മനുഷ്യൻറെ കാൽപ്പാദം അവൻറെ ശ്രദ്ധയിൽപ്പെട്ടത് അവന് അത്ഭുതമായി ഈ കൊടുങ്കാറ്റിൽ മനുഷ്യരോ ?എന്തോ പന്തികേടുണ്ട് അവൻ ആ കാൽപാദം പിന്തുടർന്നു നടന്നു പക്ഷേ പകുതിയിൽ വെച്ച് കാൽപാദം മാഞ്ഞു എന്ത് ചെയ്യണമെന്ന് അറിയാതെ അവൻ അവിടെ നിന്നു. എന്തോ ഒന്ന് തൻ്റെ കാലിൽചുറ്റി വരിയുന്നതുപോലെ അവന് തോന്നി , വിഷപാമ്പിൻ്റെ പല്ല് അവൻറെ ഇറച്ചിയിൽ തുളച്ചു കയറി. അവൻ അലറി കരഞ്ഞു ആര് കേൾക്കാൻ ,പിന്നീട് അവന് ബോധം തെളിഞ്ഞു അതുവരെ ബോധം കെട്ടു കിടക്കുകയായിരുന്നു. അവൻ ചുറ്റും നോക്കി പരിചയമുള്ള വീട് .മെല്ലെ തലപൊക്കി അപ്പുറത്തെ കിടക്കയിൽ അതാ ഒരു സ്ത്രീ ഉറങ്ങുന്നു അവരുടെ അടുത്തേക്ക് പോയി ഇതാരായിരിക്കും എന്ന് ഒരു എത്തും പിടിയും കിട്ടുന്നില്ല അവൻ അവിടെയുള്ള ഒരു ഫോട്ടോ കണ്ട് ഞെട്ടി ധരിച്ചു തൻ്റെ അമ്മയാണ് ഈ കിടക്കുന്നത് അവന് സങ്കടവും കുറ്റബോധവും തോന്നി ,തൻറെ അമ്മയെ താൻ ഇങ്ങനെയാക്കിയെന്ന് ഓർത്ത് ,അമ്മയെ അവൻ വാരിയെടുത്തു പക്ഷേ പുറത്തു ഇറങ്ങിയതും ഒരുകൂട്ടം ചെന്നായ കൂട്ടത്തെയാണ് കണ്ടത് .അവൻ അമ്മയെ വീണ്ടും ചതിച്ചു നായക്കൂട്ടത്തിന് നേരെ അമ്മയെ എറിഞ്ഞു അവൻ ഓടി ,പക്ഷേ ചെന്നായ കൂട്ടം അവനെ പിന്തുടർന്നു കടിച്ചുകീറിയിരുന്നു ഇതാണ് ഞാൻ പറഞ്ഞത് മനുഷ്യരേക്കാൾ നല്ലത് മൃഗങ്ങളാണ് അവർ ഇങ്ങനെ ചെയ്യുമോ നിങ്ങൾ പറ.....



HIBA NAJOOD MK



# പ്രകൃതി സംരക്ഷണം

പ്രകൃതിയും മനുഷ്യനും ഈശ്വരൻ ചൈതന്യവും സമ്മേളിക്കുന്ന ഒരു അവസ്ഥയാണ് ജീവിതം ഇത് മംഗള പൂർണ്ണമായി തീരാൻ ഭാരതീയ ദർശനം നമ്മെ പഠിപ്പിക്കുന്നു. പ്രപഞ്ചവുമായുള്ള പരസ്പരബന്ധം ഇന്ന് നഷ്ടമായ അവസ്ഥയിലാണ്. വ്യവസായ വികസനവും സ്വാർത്ഥത നിറഞ്ഞ ആസൂത്രണത്തിലെ കുഴപ്പങ്ങളും കൊണ്ട് നമ്മുടെ പരിസരം മലനമായി കൊണ്ടിരിക്കുകയാണ് .ഭൂമിയും ആകാശവും സമുദ്രവും എല്ലാം മനുഷ്യൻ മലിനമാക്കുന്നു. അന്തരീക്ഷമലിനീകരണം പരിസര മലിനീകരണത്തിന്റെ ഏറ്റവും നല്ല തെളിവാണ് ഫാക്ടറികളും വാഹനങ്ങളും തുപ്പുന്ന വിഷംനമ്മുടെ അന്തരീക്ഷത്തെ സദാമലിനമാക്കി കൊണ്ടിരിക്കുന്നു. അടിസ്ഥാന രാസവസ്തുക്കൾക്ക് പുറമെ 65,000 ത്തോളം രാസവസ്തുക്കൾ ഇന്ന് അന്തരീക്ഷത്തിലുണ്ട് .പലതും കാൻസറിന്റെ വിഷവിത്തുകൾ ആയി അംഗീകരിക്കപ്പെട്ടവയാണ്. അന്തരീക്ഷവായുവിലെ കാർബൺഡയോക് സൈഡിൻറെ അളവ് 27 ശതമാനം വർധിച്ചിട്ടുണ്ട്. ഇതിൻറെ ഫലമായി അന്തരീക്ഷത്തിലെ ചൂട് വർദ്ധിക്കുന്നു. പരിസ്ഥിതി മലിനീകരണത്തിനെതിരെ ഒട്ടേറെ സംഘടനകളും സാഹിത്യ നായകരും, പ്രമുഖ വ്യക്തികളും നിരന്തരമായ പ്രവർത്തനത്തിലൂടെ വലിയൊരു അവബോധം സൃഷ്ടിക്കുന്നുമുണ്ട്.

DYOVIKA SAYANA IX.D




# LITTLE KITES EXPERT CLASS





# പകർച്ചവ്യാധി

ഒരിക്കൽ ഒരു വ്യക്തി ഒരു ഗ്രാമത്തിന്റെ വഴിയോരത്തോടെ നടക്കുകയായിരുന്നു പെട്ടെന്ന് അയാൾ ഒരു ദൃശ്യം കണ്ട് സ്തംഭിച്ചു അങ്ങനെ നിന്നുപോയി അയാൾക്കറിയില്ല ചുറ്റിലും എന്താണ് സംഭവിക്കുന്നത് ആളുകൾ ആർത്തു കരയുന്നു ധാരാളം പോയിക്കൊണ്ടിരിക്കുന്നു വഴിയിൽ തനിക്കെതിരെ ആളുകളോട് ചോദിച്ചു ഇവിടെ എന്താണ് നടക്കുന്നത് അയാൾ കാര്യം വിവരിച്ചു കൊടുത്തു അടുത്തുള്ള ഗ്രാമത്തിലുള്ള ഒരു വ്യക്തിക്ക് പെട്ടെന്ന് ഒരു ദിവസം ഒരു



രോഗം വന്നു ഇവിടെ വല്ല രോഗ ചികിത്സ ഇല്ലാത്തതുകൊണ്ട് ഇങ്ങോട്ട് കൊണ്ടുവന്ന ഒരുമാസം അയാളുടെ ഐസിയുവിൽ ഇട്ട് അയാൾ മരിച്ചു മാറാൻ വേണ്ടി ശരീരമയാളുടെ ബന്ധുക്കൾ അവരുടെ ഗ്രാമത്തിലേക്ക് കൊണ്ടുപോയി അങ്ങനെ രണ്ടാഴ്ച കൊണ്ട് ആ രോഗം ആഗ്രഹം ഉള്ളവർക്കും ഈ ഗ്രാമത്തിലുള്ളവർക്കും ബാധിച്ചു അത് ഒരു വാർഷിയാണെന്ന് കണ്ടെത്തുകയും ചെയ്തു അയാൾ ചോദിച്ചു നിങ്ങൾ എവിടെ നിന്നും വരികയാണ് എന്നാണല്ലോ അയാൾ

മറുപടി പറഞ്ഞു ഞാൻ ഒരു യാത്രക്കാരനാണ് അയാൾ യാത്ര തുടർന്ന് പോകുന്ന വഴിയിൽ അയാൾ ഒരു ആശുപത്രിയിൽ അവിടുത്തെ കാഴ്ചകളൊക്കെ എന്ന് വീക്ഷണ ശേഷം അവിടെ ചീഫ് ഡോക്ടറെ കണ്ടെത്തിയിരുന്നു പകർച്ചവ്യാധി ബാധിച്ച രോഗിയെ തനിക്ക് ചികിത്സിക്കാൻ തരുമോ എന്ന് ചീഫ് ഡോക്ടറോട് ചോദിച്ചു ഇത് കേട്ട് അയാളോട് താൻ ഏതാടോ ഇത് പകർച്ചവ്യാ രോഗമാണെന്ന് ഇത്



ഞങ്ങളെപ്പോലുള്ള സ്പെഷലിസ്റ്റ് ഡോക്ടർമാരെ കൊണ്ട് സാധിക്കുന്നതാണ് തനിക്ക് സാധിക്കുന്നത് ഞാൻ മറുപടി പറഞ്ഞു ഞാൻ കുറച്ചുകാലത്തേക്ക് ലീവെടുത്ത് ഗ്രാമങ്ങൾ ദേശങ്ങൾ തോറും ചുറ്റി കറങ്ങാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ടതാണ് ഒരുപാട് സംസാരത്തിനൊടുവിൽ ഡോക്ടർ സമ്മതിച്ചു അങ്ങനെ അയാൾക്ക് കുറച്ച് അസിസ്റ്റൻറ് മാരെ നൽകി ചികിത്സാ ആരംഭിച്ചു ഒന്നും രണ്ടും മാസങ്ങൾക്ക് ശേഷം ഒരുപാട് പരീക്ഷണങ്ങൾക്കൊടുവിൽ വിജയിച്ചു.  ആ രോഗം അയാൾക്ക് മാറ്റാൻ സാധിച്ചു .ആ ചീഫ് ഡോക്ടറും മറ്റു ഡോക്ടർമാരും അയാളെ പ്രശംസിച്ചു .എല്ലാ രോഗികൾക്കും ഇതേ മരുന്ന് നൽകാൻ അവിടെയുള്ള ഡോക്ടറോട് ആവശ്യപ്പെട്ടു. എല്ലാവർക്കും നൽകാമെന്ന് സമ്മതിച്ചു . ആ ഗ്രാമത്തിലെ തലവനും പ്രസിഡണ്ടുമാരും ഒക്കെ ചേർന്ന് അയാൾക്ക് സമ്മാനങ്ങളും ആദരവും നൽകി. സമ്മാനങ്ങൾ ഏറ്റുവാങ്ങി എല്ലാവരോടും നന്ദിയും യാത്രയും പറഞ്ഞ് ഒരുപാട് സന്തോഷത്തോടെ അയാൾ ,അയാളുടെ യാത്ര തുടർന്നു.



RANA FATHIMA





# സഹപാഠിക്കൊരു കൈത്താങ്ങ്...







# അനുമോദനം





# യാത്ര














## LITTLE KITES DIGITAL MAGAZINE EDITORIAL BOARD

**VAISHNAV KC**
**VAISHNAVI**
**SHIKHA**
**SANVIYA**
**DYOVIKA SAYANA**
**SANA FATHIMA VK**
**HANOONA FATHIMA**
**NUHA FATHIMA**
**SALVA AK**
**HIBA FATHIMA**
**NIBODH KT**
**YADAV KRISHNA**



**HRIDUDEV**
**DEVAJ BIJU**
**HRITHIK SJ**
**ABHIRAM SAI**
**RISIANTH**
**ARUNAV**
**THEJA LAKSHMI**
**THEJA MANOJ**
**HADIYA ASHARAF**
**NIDHA FATHIMA**
**DIYA MANHA**
**NAJA FATHIMA**
**ARYANANDHA TK**